പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4008 — 31.01.2014-ൽ മറുപടിക്ക്

## സെറ്റിൽമെന്റുകളിൽ ക്ഷേമപദ്ധതികൾ മോണിട്ടർ ചെയ്യാൻ സംവിധാനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ:<br>ശ്രീ.സി.മോയിൻകുട്ടി:<br>ശ്രീ.എൻ.ഷംസുദ്ദീൻ:<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : | | കുമാരി. പി.കെ.ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| | ചോദ്യം | | ഉത്തരം |
| (എ) | മലയോര മേഖലകളിൽ യാത്രാ സൗകര്യം പരിമിതമായ സെറ്റിൽമെന്റുകളിൽ, പട്ടികവർഗ്ഗക്ഷേമ വകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്താൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 7 ഐ.റ്റി.ഡി. പ്രോജക്ട് ആഫീസർമാരും, 9 ട്രൈബൽ ഡവലപ്മെന്റ് ആഫീസർമാരും 48 ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാരും പ്രവർത്തിക്കുന്നുണ്ട്. യാത്ര സൗകര്യം പരിമിതമായ സെറ്റിൽമെന്റുകളടക്കം സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ മേഖലകളിലും ടി ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നുണ്ട്. ടി സങ്കേതങ്ങളിൽ പഞ്ചായത്തീരാജ് നിയമ പ്രകാരം വികസന പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിനുള്ള ഊരുകൂട്ടങ്ങൾ വിളിച്ച് ചേർക്കുക, പ്രോജക്റ്റുകൾ തയ്യാറാക്കുക, അവയുടെ നിർവ്വഹണം, നിർവ്വഹണ പുരോഗതി വിലയിരുത്തൽ, പരിഹാര നടപടി സ്വീകരിക്കൽ, സ്കൂൾ പ്രായത്തിലുള്ള കുട്ടികൾ സ്കൂളിൽ പോകുന്നു എന്ന് ഉറപ്പാക്കൽ, അസുഖ ബാധിതരെ ചികിത്സയ്ക്കായി ആശുപത്രിയിൽ എത്തിക്കൽ, പ്രത്യേക ശ്രദ്ധ ആവശ്യമായ കാര്യങ്ങളിൽ ശ്രദ്ധാപൂർവ്വം തുടർ നടപടി സ്വീകരിക്കൽ എന്നീ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ എസ്.റ്റി പ്രൊമോട്ടർമാരുടെ കൂടി സഹായം ഉപയോഗപ്പെടുത്തി നിർവ്വഹിച്ചുകൊണ്ട് പ്രസ്തുത ഓഫീസർമാരുടെ സാന്നിദ്ധ്യം എല്ലാ പട്ടികവർഗ്ഗ സങ്കേതങ്ങളിലും ഉറപ്പാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇവർക്കുവേണ്ടി നടപ്പാക്കുന്ന ക്ഷേമ പദ്ധതികൾ മോണിട്ടർ ചെയ്യുന്നതിനും, പരിശോധിക്കുന്നതിനുമുള്ള സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | കാൽനടയായി മാത്രം എത്തിപ്പെടാവുന്ന എത്ര സെറ്റിൽമെന്റുകളുണ്ട്; അവയിലായി എത്ര കുടുംബങ്ങൾ അധിവസിക്കുന്നുണ്ട് എന്നതിന്റെ സെറ്റിൽമെന്റടിസ്ഥാനത്തിലെ കണക്ക് നൽകാമോ? | (സി) | 2008-ലെ പട്ടികവർഗ്ഗ സർവ്വേ പ്രകാരം സംസ്ഥാനത്ത് ആകെ 4762 സെറ്റിൽമെന്റുകളാണുള്ളത്. ഇതിൽ വനത്തിനുള്ളിലും വനാന്തരപ്രദേശങ്ങളിലുമായി 1518 സങ്കേതങ്ങൾ സ്ഥിതി ചെയ്യുന്നു. വിശദ വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു. |

Hariprig

**സെക്ഷൻ ഓഫീസർ**

# Distribution of Settlements and Families in Reserve Forest and Other Forest Area

| Sl No | District | Total Settlements | Number of Settlements and Families | | | | | |
|---|---|---|---|---|---|---|---|---|
| | | | Reserve Forests | | Adjacent to Reserve Forests | | Total | |
| | | | Settlements | Families | Settlements | Families | Settlements | Families |
| 1 | 2 | | 3 | 4 | 5 | 6 | 7 | 8 |
| 1 | Thiruvananthapuram | 226 | 133 | 3023 | 28 | 987 | 161 | 4010 |
| 2 | Kollam | 26 | 12 | 793 | 6 | 232 | 18 | 1025 |
| 3 | Pathanamthitta | 43 | 7 | 308 | 12 | 827 | 19 | 1135 |
| 4 | Alappuzha | 34 | - | - | - | - | - | - |
| 5 | Kottayam | 101 | 7 | 545 | 5 | 348 | 12 | 893 |
| 6 | Idukki | 299 | 114 | 5118 | 76 | 4661 | 190 | 9779 |
| 7 | Eranakulam | 61 | 17 | 1202 | 1 | 5 | 18 | 1207 |
| 8 | Thrissur | 59 | 13 | 465 | 28 | 626 | 41 | 1091 |
| 9 | Palakkad | 426 | 70 | 2110 | 146 | 5508 | 216 | 7618 |
| 10 | Malappuram | 229 | 33 | 664 | 67 | 1144 | 100 | 1808 |
| 11 | Kozhikode | 126 | 2 | 14 | 28 | 698 | 30 | 712 |
| 12 | Wayanad | 2167 | 97 | 2411 | 456 | 8080 | 553 | 10491 |
| 13 | Kannur | 353 | 28 | 1043 | 38 | 1031 | 66 | 2074 |
| 14 | Kasaragod | 612 | 7 | 74 | 87 | 1549 | 94 | 1623 |
| | State | 4762 | 540 | 17770 | 978 | 25696 | 1518 | 43466 |